# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - 31.03.2013-ന് മുൻപ് സർക്കാർ സേവനത്തിൽ പ്രവേശിക്കുകയും, 01.04.2013-നും അതിന് ശേഷവും സമാനമായതോ അല്ലാത്തതോ ആയ മറ്റൊരു തസ്തികയിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ KSR Part III പെൻഷൻ പദ്ധതിയിൽ നിലനിർത്തി കൊണ്ട് ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ(പി) നം. 209/2013/ധന തീയതി 07.05.2013
2) സ.ഉ (പി) നം. 279/2014/ഫിൻ തീയതി 14.07.2014
3) സ.ഉ (പി) നം. 142/2018/ഫിൻ തീയതി 10.09.2018
4) 04.07.2015-ലെ ധനകാര്യ (പെൻഷൻ-എ) വകുപ്പിന്റെ 65/2015/ധന നമ്പർ സർക്കുലർ
5) സ.ഉ(പി) നം. 25/2019/ധന തീയതി 07.03.2019
6) ഈ കാര്യാലയത്തിലെ 25.03.2019-ലെ ഇതേ നമ്പർ സർക്കുലർ

## ഉത്തരവ് നം . എ1-3125/2014/സിഇ/തസ്വഭവ (Vol. II) തീയതി. 27.04.2019

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 01.04.2013-ന് മുൻപ് സർക്കാർ സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് 01.04.2013-നും അതിന് ശേഷവും സമാനമായതോ അല്ലാത്തതോ ആയ മറ്റൊരു തസ്തികയിൽ നിയമിക്കപ്പെടുന്ന സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരുന്നതിനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം പരാമർശം (1)-ൽ പ്രസ്താവിച്ചിരിക്കും പ്രകാരം ഓപ്ഷൻ ഫോം നിയമനാധികാരിയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഓപ്ഷൻ ഫോം സമർപ്പിക്കാൻ സാധിക്കാത്ത, സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരുന്നതിനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർക്ക് ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിന് 30.11.2018 വരെ സമയം ദീർഘിപ്പിച്ച് നൽകിക്കൊണ്ട് മേൽ പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ 30.11.2018-ന് മുൻപ് ലഭ്യമായിട്ടുള്ള അപേക്ഷകരുടെ സേവന പുസ്തകം പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർ KSR Part III പെൻഷൻ ബാധകമായിട്ടുള്ള വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുകയും, തുടർന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ഈ വകുപ്പിൽ നിയമനം ലഭിക്കുകയും ചെയ്തിട്ടുള്ളവരാണ്.

(മറുപുറം)

| ക്രമ നം | പേരും തസ്തികയും | സേവനത്തിൽ പ്രവേശിച്ച തീയതി | സേവനത്തിൽ പ്രവേശിച്ച വകുപ്പും വിടുതൽ ചെയ്ത തീയതിയും | തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ് വകുപ്പിൽ) സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|
| 1 | സനൽകുമാർ. ആർ<br>സീനിയർ ക്ലർക്ക് | 07.09.2011 FN | സിവിൽ ജുഡീഷ്യൽ വകുപ്പ്<br>08.05.2014 FN | 08.05.2014 FN |
| 2 | മഞ്ജു പ്രകാശ്<br>സീനിയർ ക്ലർക്ക് | 07.12.2010 FN | ജയിൽ വകുപ്പ്<br>19.05.2014 AN | 19.05.2014 AN |
| 3 | ആനന്ദ്. എ<br>സീനിയർ ക്ലർക്ക് | 10.07.2012 AN | ഫയർ & റെസ്ക്യൂ വകുപ്പ്<br>03.04.2014 AN | 04.04.2014 FN |
| 4 | സുജിത്ത് പുത്തൻപുരയിൽ<br>ക്ലർക്ക് | 10.04.2007 FN | കേരള വാട്ടർ അതോറിറ്റി<br>21.04.2014 FN | 21.04.2014 FN |
| 5 | ദളകുമാരി. ആർ<br>സീനിയർ ക്ലർക്ക് | 22.08.2007 FN to | ഗ്രാമവികസന വകുപ്പ്<br>12.03.2013 AN<br>13.03.2013 FN to 11.03.2014 AN<br>ആയുർവേദ കോളേജ് | 12.03.2014 FN |
| 6 | റെജില. എ<br>ക്ലർക്ക് | 03.09.2010 FN | വിദ്യാഭ്യാസ വകുപ്പ്<br>31.03.2014 AN | 01.04.2014 FN |
| 7 | ഗിരീഷ്. റ്റി.ആർ<br>സീനിയർ ക്ലർക്ക് | 27.09.2010 FN | വനം-വന്യജീവി വകുപ്പ്<br>20.07.2012 AN<br>21.07.2012 FN to 08.04.2014 AN<br>ഫയർ & റെസ്ക്യൂ വകുപ്പ് | 09.04.2014 FN |
| 8 | ഷാനറ്റ് കൃഷ്ണൻ<br>സീനിയർ ക്ലർക്ക് | 07.03.2013 FN | ഫിഷറീസ് വകുപ്പ്<br>07.04.2014 AN | 07.04.2014 AN |
| 9 | സുചിത്ര. എസ്<br>ക്ലർക്ക് | 04.03.2013 AN | പഞ്ചായത്ത് വകുപ്പ്<br>08.07.2015 AN | 09.07.2015 FN |

31.03.2013-ന് മുൻപ് സർക്കാർ സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് 01.04.2013-നും അതിന് ശേഷവും സമാനമായതോ അല്ലാത്തതോ ആയ മറ്റൊരു തസ്തികയിൽ നിയമനം ലഭിക്കുകയും ചെയ്ത മേൽ പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന ജീവനക്കാരെ KSR Part III പെൻഷൻ പദ്ധതിയിൽ നിലനിർത്തി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് : 1) ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയർ
2) ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർമാർ
3) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ
4) കരുതൽ / സ്റ്റോക്ക് ഫയൽ